കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കോഴിക്കോട് നഗരസഭയിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ശ്രീ.ബിജു.കെ.വി, ശ്രീ.സുരേന്ദ്രൻ.എം.വി എന്നിവർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.5483/13 റിട്ട് പെറ്റീഷനിലെ 28/5/2013 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.2342/2013/തസ്വഭവ തീയതി, തിരുവനന്തപുരം, 19/9/2013

പരാമർശം :
1. ശ്രീ.ബിജു.കെ.വി, ശ്രീ.സുരേന്ദ്രൻ.എം.വി എന്നിവർ ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C)No.5483/13 റിട്ട് പെറ്റീഷനിലെ ബഹു.ഹൈക്കോടതിയുടെ 28/5/2013 ലെ വിധി
2. കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയുടെ 19/11/2011 ലെ എഫ്.7/1296/11 നമ്പർ കത്ത്
3. നഗരകാര്യ ഡയറക്ടറുടെ 29/2/2012 ലെ ഇ 2/20400/2011 നമ്പർ കത്ത്

<u>ഉത്തരവ്</u>

കോഴിക്കോട് നഗരസഭയിൽ ആരോഗ്യവിഭാഗത്തിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ഡ്രൈവർമാരായി ജോലിചെയ്യുന്ന ശ്രീ.ബിജു.കെ.വി, ശ്രീ.സുരേന്ദ്രൻ.എം.വി എന്നിവരെ കണ്ടിജന്റ് ബദൽതൊഴിലാളികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് കോഴിക്കോട് നഗരസഭാ സെക്രട്ടറി പരാമർശം രണ്ടിലെ കത്ത് പ്രകാരം സർക്കാർ അനുമതി തേടിയിരുന്നു. അപേക്ഷകർ 8 വർഷത്തിലധികമായി നഗരസഭയിൽ ജോലിചെയ്ത് വരികയാണെന്നും ടിയാൻമാരുടെ കുടുംബത്തിന്റെ ഏകവരുമാനം നഗരസഭയിൽ നിന്നും ലഭിക്കുന്ന ദിവസവേതനമാണെന്നും നഗരസഭാ സെക്രട്ടറി ബോധിപ്പിച്ചിരുന്നു.

29/3/2001 ലെ സ.ഉ(എം.എസ്)91/2001/തസ്വഭവ ഉത്തരവിന് വിധേയമായി സെക്രട്ടറിയുടെ നിർദ്ദേശം സർക്കാർ തലത്തിൽ പരിഗണിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം 3ാമതായി വായിച്ച കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇതേ ആവശ്യം ഉന്നയിച്ച് ശ്രീ.ബിജു.കെ.വിയും ശ്രീ.സുരേന്ദ്രൻ.എം.വിയും ഹൈക്കോടതിയിൽ WP(C)No.5483/13 നമ്പറായി റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിരുന്നു. ആയതിലെ 28/5/2013 ലെ വിധിന്യായ പ്രകാരം കോർപ്പറേഷൻ സെക്രട്ടറിയുടെ അപേക്ഷയും നഗരകാര്യ ഡയറക്ടറുടെ ശുപാർശയും (Ext P10 ഉം Ext P11 എന്നിവ) സർക്കാരിൽ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്മേൽ വിധിന്യായം കൈപ്പറ്റി 4 മാസത്തിനകം ഉചിതമായ തീരുമാനമെടുക്കാൻ ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. മേൽപറഞ്ഞ Ext P10, Ext P11 എന്നിവ യഥാക്രമം പരാമർശം ഒന്ന്, രണ്ട് എന്നിവ പ്രകാരം സർക്കാരിൽ ലഭിച്ചിട്ടുള്ളതാണ്. പരാമർശം ഒന്നാമതായി വായിച്ച ബഹു.ഹൈക്കോടതി ഉത്തരവ് 20/6/2013 ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു

നഗരസഭയിലെ കണ്ടിജന്റ് വിഭാഗം തൊഴിലാളികളെ നിയമിക്കുന്നത് അതാത് നഗരസഭാ കൗൺസിലുകളാണ്. എന്നാൽ ആയത് 22/4/1982 ലെ ജി.ഒ(എം.എസ്) 14/82/LBR ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായിട്ട് വേണമെന്ന് നിബന്ധനയുണ്ട്. ആയത് പ്രകാരം കണ്ടിജന്റ് വിഭാഗത്തിലെ സ്ഥിരം നിയമനങ്ങൾ ബദൽതൊഴിലാളികളുടെ ലിസ്റ്റിൽ നിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലായിരിക്കണം. അതാത് പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമിക്കപ്പെടുന്നതുവരെ മാത്രമെ ബദൽതൊഴിലാളികളുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താൻ പാടുള്ളൂ. ആ നിലക്ക് അപേക്ഷകരുടെ ആവശ്യം അംഗീകരിക്കാൻ കഴിയില്ല. എന്നാൽ 29/3/2001 ലെ സഉ(എം.എസ്) 91/01/തസ്വഭവ പ്രകാരം പ്രസ്തുത വ്യവസ്ഥകളിൽ ഇളവ് നൽകി 31/12/1991 ന് ശേഷം 31/12/2000 വരെ മാനദണ്ഡങ്ങൾ ലംഘിച്ച് നിയമിക്കപ്പെട്ട തൊഴിലാളികളെ പകരം തൊഴിലാളികളായി പരിഗണിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉചിതമായ തീരുമാനം എടുക്കാനാണ് നഗരകാര്യ ഡയറക്ടർ പരാമർശം 3ാമതായി വായിച്ച കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുള്ളത്. എന്നാൽ 29/3/2001 ലെ സർക്കാർ ഉത്തരവ് 31/12/2000 വരെ നിയമിക്കപ്പെട്ട തൊഴിലാളികളുടെ കാര്യത്തിൽ മാത്രമെ ബാധകമാവൂ. ആയത് കൊണ്ട് തന്നെ മേൽപറഞ്ഞ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകരെ താൽക്കാലിക ജീവനക്കാരുടെ ബദൽലിസ്റ്റിൽ ഉൾപ്പെടുത്താൻ അനുമതി നൽകാൻ സാധിക്കില്ല.

ഈ സാഹചര്യത്തിൽ കോഴിക്കോട് നഗരസഭയിൽ താൽക്കാലിക ജീവനക്കാരായി ജോലിചെയ്യുന്ന ശ്രീ.ബിജു.കെ.വി, ശ്രീ.സുരേന്ദ്രൻ.എം.വി എന്നിവരെ കണ്ടിജന്റ് തൊഴിലാളികളുടെ ബദൽ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകണമെന്ന ആവശ്യം നിരാകരിച്ച് ഉത്തരവാകുന്നു

പരാമർശം ഒന്നാമതായി വായിച്ച കോടതിവിധിന്യായം മേൽപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെ.സ്റ്റാൻലി
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാംകുളം (ആമുഖ കത്ത് സഹിതം)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ശ്രീ.ബിജു.കെ.വി, കിഴക്കേ വെളിയാറത്ത്,
ഇരുവല്ലൂർ, ചേളന്നൂർ.വഴി, കോഴിക്കോട് 673616
ശ്രീ.സുരേന്ദ്രൻ.എം.വി, മേലെപറമ്പിൽ ഹൌസ്, മെഡിക്കൽ കോളേജ്.വഴി,
ചേളന്നൂർ, കോഴിക്കോട് 673608
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**